ശ്രീ. ടി. കെ. ദേവകുമാർ: കെ.കെ. ഷാജു വന്നില്ല. ആരൊക്കെ വന്നുവെന്നുള്ളത് അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പ് വരുമ്പോൾ പറയാമല്ലോ? ഞാൻ പറഞ്ഞുവന്നത്, ഇത്രയും പ്രക്ഷോഭം നടന്നിട്ടും ദേവകുമാർ ഇല്ലെന്ന് പറയുന്നവരുടെ മുന്നണി ഭരിക്കുന്ന ഈ ഗവൺമെന്റ് ഈ കഴിഞ്ഞ ദിവസം തന്ന മറുപടിയിലും ഈ ജനങ്ങൾ നടത്തിയ പ്രക്ഷോഭത്തെ സംബന്ധിച്ച്—കരിമണൽ ഖനനത്തെ സംബന്ധിച്ച്—അതിന്റെ ദുരുദ്ദേശത്തെക്കുറിച്ച് ചോദിച്ചതിന് അണുവിട വ്യത്യാസമില്ലാത്ത മറുപടിയാണ് ബഹളമുണ്ടാക്കുന്നവരുടെ ഈ ഗവൺമെന്റ് എനിക്ക് തന്നത്. അതല്ലേ പ്രക്ഷോഭം വീണ്ടും ഉണ്ടാകുന്നത്? പ്രക്ഷോഭം ഒഴിവാക്കാൻ ദുരുദ്ദേശപരമായ മുതൽമുടക്കിനെതിരായി ഉണ്ടാകുന്ന സമരങ്ങളെ പോസിറ്റീവായി കാണാൻ അങ്ങയുടെ ഗവൺമെന്റ് തയ്യാറാകുമോ?

മി.സ്പീക്കർ: ഇതൊരു ചോദ്യമല്ല.

(മറുപടി പറഞ്ഞില്ല)

കെ.എസ്.ആർ.ടി.സി.-യുടെ ലാഭനഷ്ടങ്ങൾ

*2 [242] ശ്രീ. ബി. വിജയകുമാർ:

„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:

„ ഇ. എം. അഗസ്തി:

„ ജോർജ് മാത്യു:

„ വർക്കല കഹാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി.-യുടെ നഷ്ടം ക്രമേണ കുറയ്ക്കുന്നതിനും ലാഭത്തിലേക്ക് നയിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇപ്പോൾ കെ. എസ്. ആർ. ടി. സി. നഷ്ടത്തിലായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(ഡി) ഇക്കഴിഞ്ഞ മൂന്നു മാസത്തിൽ കെ. എസ്. ആർ. ടി. സി.-യുടെ വരവ് വർദ്ധിച്ചിട്ടുണ്ടോ;

(ഇ) കെ. എസ്. ആർ. ടി. സി.-യുടെ വരവ് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ,

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2002 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ വരുമാനം യഥാക്രമം രൂപ 53,39,70,095 (അൻപത്തി മൂന്ന് കോടി മുപ്പത്തൊൻപത് ലക്ഷത്തി എഴുപതിനായിരത്തി തൊണ്ണൂറ്റിയഞ്ച്), 50,89,81,197 (അമ്പത് കോടി എൺപത്തൊമ്പത് ലക്ഷത്തി എൺപത്തൊന്നായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റിയേഴ്), 58,70,52,676 (അൻപത്തെട്ട് കോടി എഴുപത് ലക്ഷത്തി അൻപത്തി രണ്ടായിരത്തി അറുനൂറ്റി എഴുപത്തിയാറ്) ആയിരുന്നത് 2003 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ യഥാക്രമം രൂപ 55,38,73,101 (അൻപത്തിയഞ്ച് കോടി മുപ്പത്തിയെട്ട് ലക്ഷത്തി എഴുപത്തിമൂന്നായിരത്തി ഒരുനൂറ്റി ഒന്ന്), 53,04,40,325(അൻപത്തി മൂന്ന് കോടി നാലു ലക്ഷത്തി നാല്പതിനായിരത്തി മുന്നൂറ്റി ഇരുപത്തഞ്ച്), 59,59,76,619 (അൻപത്തൊമ്പത് കോടി അൻപത്തൊമ്പത് ലക്ഷത്തി എഴുപത്താറായിരത്തി അറുനൂറ്റി പത്തൊൻപത്) ആയി വർദ്ധിച്ചിട്ടുണ്ട്. ഈ മൂന്നു മാസങ്ങളിലെ മൊത്ത വരുമാന വർദ്ധനവ് 5,02,77,076 (അഞ്ചു കോടി രണ്ടു ലക്ഷത്തി എഴുപത്തേഴായിരത്തി എഴുപത്താറ്) രൂപയാണ്.

(ബി) ഇപ്പോഴും നഷ്ടത്തിലാണ്.

(സി) വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ചെലവ് നേരിടുന്നതിന് മതിയാകുന്നില്ല.

(ഡി) ഉണ്ട്.

(ഇ) വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുകയും, പാരലൽ സർവ്വീസുകൾ നിരുത്സാഹപ്പെടുത്തുന്നതിനായി മിനി ബസ് സർവ്വീസുകൾ ആരംഭിക്കുകയും ദേശസാൽകൃത റൂട്ടുകളിൽ കൂടുതൽ സർവ്വീസുകൾ തുടങ്ങുകയും ചെയ്തു. വോൾവോ, ഹൈടെക് സർവ്വീസുകൾ ആരംഭിച്ചു. സർവ്വീസിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എം. എ. വാഹീദ്: സർ, നഷ്ടത്തിൽ മുങ്ങിനിന്ന കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്താൻ യു.ഡി.എഫ്. ഗവൺമെന്റ് നടത്തിയ ശ്രമങ്ങൾക്ക് അഭിനന്ദനം രേഖപ്പെടുത്തുന്നു. അതോടൊപ്പം നഷ്ടത്തിലോടുന്ന റൂട്ടുകൾ ഇ.പി.കെ.എം. 10 രൂപയ്ക്ക് താഴെയുള്ള കുറേ ഷെഡ്യൂളുകളും കുറേ റൂട്ടുകളും നിർത്തലാക്കിയിട്ടുള്ളതായി വലിയ ആക്ഷേപമുണ്ടായിട്ടുണ്ട്. അങ്ങനെയെങ്കിൽ എത്ര ഷെഡ്യൂളുകൾ ഇങ്ങനെ റദ്ദാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നമ്മുടെ ഗവൺമെന്റ് കൊടുത്ത നിർദ്ദേശമനുസരിച്ച്, അതായത് കി. മീറ്ററിന് 17 രൂപയെങ്കിലും കിട്ടാത്ത ഷെഡ്യൂളുകൾ വലിയ നഷ്ടമാണ്. ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടില്ല, ഷെഡ്യൂളുകളുടെ പുനഃക്രമീകരണമേയുള്ളു. ഇപ്പോൾ അഞ്ചോ പത്തോ ട്രിപ്പ് ഓടുന്നത് ഉച്ചസമയത്തും മറ്റും ധാരാളം ബസ്സുകളുള്ള സ്ഥലത്ത് ഒന്നോ രണ്ടോ ട്രിപ്പുകൾ കുറയ്ക്കുകയാണ്. പുനഃക്രമീകരണമാണ്. ഇങ്ങനെയൊക്കെയാണ് ചെയ്തിരിക്കുന്നത്. റീ-ഷെഡ്യൂളിംഗാണ്, അല്ലാതെ നിർത്തലാക്കിയിട്ടില്ല. സാമൂഹ്യ പ്രതിബദ്ധത കൂടി കൂടിയാണ് 10 രൂപയ്ക്ക് മുകളിലുള്ള സർവ്വീസുകൾ നടത്തുന്നത്. അത്

LIBRARY ARCHIVES Kerala Legislative Assembly

ദേശവൽകൃത റൂട്ടിലല്ല, ദേശവൽകൃതമല്ലാത്ത റൂട്ടിലാണ്. ദേശവൽകൃത റൂട്ടുകളിൽ നഷ്ടലാഭം നോക്കാതെ കഴിയാവുന്നിടത്തോളം ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യാതെ നടത്തുന്നുണ്ട്. പുതിയ ഷെഡ്യൂളുകൾ ധാരാളമായി ആരംഭിച്ചിട്ടുമുണ്ട്.

ശ്രീ. എം. എ. വാഹീദ്: എന്റെ നിയോജകമണ്ഡലത്തിലെ കണിയാപുരം ഡിപ്പോയിലുണ്ടായിരുന്ന ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളെല്ലാം ഇ.പി.കെ.എം. 10 രൂപയ്ക്ക് താഴെയായതുകൊണ്ട് നിർത്തലാക്കിയതായിട്ടാണ് അറിയാൻ കഴിഞ്ഞത്. അങ്ങനെയെങ്കിൽ അത് പുനരാരംഭിക്കാനാവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്ന് ഉണ്ടാകുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇത് ഏത് ഷെഡ്യൂളാണെന്ന് എനിക്കറിയില്ല. പത്ത്, നാലായിരത്തി ഇരുനൂറ് ഷെഡ്യൂളുകളുണ്ട്. അതിൽ ഏതാണെന്ന് പറയാൻ നിവൃത്തിയില്ല. അത് പരിശോധിക്കാം. ഇത് അദ്ദേഹം എന്നോട് പറഞ്ഞിരുന്നു. പരിശോധിക്കാനുള്ള ഏർപ്പാട് ചെയ്യാം. ഒരു ഫാസ്റ്റ് പാസഞ്ചറിന് കിലോമീറ്ററിന് 20 രൂപയെങ്കിലും കിട്ടിയില്ലെങ്കിൽ ഓരോ ഫാസ്റ്റ് പാസഞ്ചറിനും ഒരു ദിവസം മൂവായിരം, നാലായിരം രൂപ നഷ്ടം വരും. അങ്ങനെ ഓടിക്കാനുള്ള കഴിവില്ല. ഞാൻ പറഞ്ഞത്, ദേശവൽകൃത റൂട്ടിലാണ്. ദേശവൽകൃത റൂട്ടിൽ കണിയാപുരത്ത് നിന്ന് കോഴിക്കോട്, മംഗലാപുരം വരെ ധാരാളം ബസ്സുകളുണ്ട്. അതിന്റെ ഷെഡ്യൂളനുസരിച്ച് ക്രമീകരിച്ചിരിക്കുകയായിരിക്കും. അതിനെപ്പറ്റി അന്വേഷിച്ച് വിവരം അദ്ദേഹത്തിന് കൊടുക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണ് ഇപ്പോഴും പ്രവർത്തിക്കുന്നതെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. നഷ്ടത്തിലാണ് എന്ന് വരികിലും കഴിഞ്ഞ പ്രാവശ്യം 5 കോടി രൂപ വരുമാനം ഉണ്ടാക്കുന്നതിനുവേണ്ടി ജീവനക്കാർ സഹായിച്ചു എന്ന് അങ്ങ് പറഞ്ഞു. സാമൂഹിക സുരക്ഷാപദ്ധതി പ്രകാരം ഗവൺമെന്റിന്റെ അതാത് കാലത്തുള്ള പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന ആനുകൂല്യം കെ.എസ്.ആർ.ടി.സി. കൊടുക്കേണ്ടി വരുന്നതുകൊണ്ട് 38 കോടി രൂപ കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് ചെലവാകുന്നുയെന്നാണ് ഞങ്ങൾക്ക് കിട്ടിയ കണക്കുകളിൽ നിന്ന് മനസ്സിലാക്കുന്നത്. ഒരു ബഡ്ജറ്റ് സപ്പോർട്ടോടുകൂടി ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം നടത്തുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ബഡ്ജറ്റ് സപ്പോർട്ട് കിട്ടുമെങ്കിൽ അതിൽ ഏറ്റവും കൂടുതൽ സന്തോഷിക്കുന്നയാൾ ഞാനായിരിക്കും; അതിൽ യാതൊരു സംശയവും വേണ്ട. ഈ കൊല്ലം ബഡ്ജറ്റിൽ ഒരു പൈസപോലും നീക്കിവച്ചിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 562 കോടി രൂപ കാഷ് ലോസ് ഉണ്ടായിരുന്ന സ്ഥാനത്ത് 362 കോടി രൂപ ഇതിനകം കൊടുത്തു തീർത്തിട്ടുണ്ട്. അത് കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം കളക്ഷനിൽനിന്നും ഫണ്ടിൽനിന്നുമാണ്. ഇനി ശേഷിക്കുന്ന കടം എന്നു പറയുന്നത് 200 കോടിയേയുള്ളൂ. 362 കോടി രൂപ നമ്മൾ കൊടുത്തു തീർത്തു. ഇത് സ്വന്തം വരുമാനം ഉപയോഗിച്ചാണ്. ഇപ്പോഴും ഇത് കൊടുക്കുകയാണ്. ഇത് ലാഭത്തിലാകുമായിരുന്നു. ഏറ്റവും പ്രധാനം സ്പെയർ പാർട്സിന്റെ വില വർദ്ധനവും കേന്ദ്ര ഗവൺമെന്റിന്റെ നയംമൂലമുള്ള ഡീസലിന്റെ വിലവർദ്ധനവുമാണ്. ഞാൻ കഴിഞ്ഞ പ്രാവശ്യം സഭയിൽ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും 100 കോടിയോളം രൂപ ഡീസലിന്റെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് താങ്ങാൻ നിവൃത്തിയില്ല. ചാർജൊക്കെ പഴയതുപോലെയാണ്. റെയിൽവേയുടെ ചാർജ് നമ്മുടേതിനെക്കാൾ പല സ്ഥലത്തും കുറവാണ്. അതുകൊണ്ട് വലിയ കോംപറ്റീഷനാണ്. എങ്കിലും ഇതിന്റെ കടം ഓരോ മാസവും തീർത്ത് തീർത്ത് മുന്നോട്ട് പോവുകയാണ്. കടം തീർക്കാതെ നമുക്ക് പിടിച്ച് നിൽക്കാൻ കഴിയുകയില്ല. ജപ്തിയുടെ കാര്യങ്ങളൊക്കെയുണ്ട്. എം.എ.സി.ടി. വിധികൾക്കുപോലും കൊടുക്കാൻ കഴിഞ്ഞ അഞ്ചാറു വർഷമായി കഴിഞ്ഞിരുന്നില്ല എന്ന് അങ്ങേക്കറിയാം. അതുകൊണ്ട് ഇതിന് ഒരു ബഡ്ജറ്ററി സപ്പോർട്ട് തൽക്കാലം ഒന്ന് രണ്ട് വർഷത്തേക്കെങ്കിലും കിട്ടിയില്ലെങ്കിൽ പിടിച്ചു നിൽക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു.

മി. സ്പീക്കർ : രണ്ട് പേരും ചേർന്നുള്ള ഒരു കോൺസ്പിറസിയാണല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇല്ല സർ, ഒരിക്കലും ഞാൻ ഗൂഢാലോചനയുടെ ആളല്ല സർ. എന്റെ പ്രസക്തമായ ചോദ്യം 5 കോടി രൂപ നമ്മുടെ ജീവനക്കാർ ലാഭം ഉണ്ടാക്കിത്തരുന്നുണ്ട്. ആ ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് പോലും നിഷേധിച്ചിരിക്കുന്നതായി ഇന്നത്തെ പത്രത്തിലും വാർത്തയുണ്ട്. അവർക്ക് ആനുകൂല്യങ്ങൾ പലതും നിഷേധിക്കുകയാണ്. ഗവൺമെൻറ് ഡി.എ. കൊടുക്കുമ്പോൾ അതിനനുസരണമായി കെ. എസ്. ആർ.ടി.സി.-യിലും ഡി.എ. പ്രഖ്യാപിച്ചിരുന്നു. ഇപ്പോൾ എത്രയോ ശതമാനം ഡി.എ. കുടിശ്ശികയായി കിടക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് ഒരിഞ്ചു മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർ 20 - ാം തീയതി സംയുക്തമായിട്ട് പണിമുടക്ക് നടത്താൻ നോട്ടീസ് നൽകിയിട്ടുണ്ട്. ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട് അതിൽനിന്ന് ജീവനക്കാരെ രക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, പണിമുടക്ക് ഒഴിവാക്കി ഈ സ്ഥാപനത്തെ രക്ഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അല്ലെങ്കിൽ ഈ സ്ഥാപനം നശിച്ചുപോകും. പണിമുടക്കിയാൽ ശമ്പളം കൊടുക്കാൻ പണമില്ല. ഒരു ബാങ്കുകാരും തരില്ല. ഒരു സ്ഥാപനവും തരില്ല. കടം തീർക്കാൻ പോലും പണമില്ല. അപ്പോൾ ചുമരുണ്ടെങ്കിലെ ചിത്രം എഴുതാൻ കഴിയൂ. എനിക്ക് താല്പര്യമാണ്, ഞാൻ യൂണിയന്റെ നേതാവായി 10-15 കൊല്ലം ഇരുന്ന ഒരു സ്ഥാപനമാണ് ഇത്. ഇതിന്റെ വളർച്ചയും തകർച്ചയുമൊക്കെ എനിക്കറിയാം. തൊഴിലാളികൾ ഇപ്പോൾ പണിമുടക്കിയാൽ ഈ സ്ഥാപനം നശിക്കുമെന്നുള്ളതല്ലാതെ ആർക്കും ഒന്നും ചെയ്യാനൊക്കുകയില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ വേണമെങ്കിലും ഏല്പിക്കാം; അദ്ദേഹം വീതംവച്ച് കൊടുത്താൽ മതി; യാതൊരു വിരോധവുമില്ല. തൊഴിലാളി നേതാക്കന്മാരെ ഏല്പിച്ചാൽ അവർ പണം കണ്ടുപിടിച്ചു കൊടുത്താൽ മതി, ഗവൺമെന്റിന് യാതൊരു വാശിയുമില്ല. പക്ഷേ അദ്ദേഹം പറഞ്ഞ ഒരു കാര്യം ശരിയാണ്. ഒരു സ്ഥലത്ത് ചെല്ലുമ്പോൾ, അദ്ദേഹംതന്നെ ഇന്നു പറഞ്ഞ രണ്ട് കാര്യങ്ങൾ ആലോചിക്കണം. ഗവൺമെന്റ് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നിറുത്തലാക്കി. അത് അവിടെ തുടങ്ങണം. ഗവൺമെന്റ് കൊടുത്ത ഡി. എ. അതും കൊടുക്കണം. ഒരിടത്ത് ഗവൺമെന്റ് കൊടുക്കുന്നത് നിർത്തലാക്കണമെന്ന്; ഒരിടത്ത് ഗവൺമെന്റ് നിർത്തലാക്കിയത് കൊടുക്കണമെന്ന്. ഇത് എങ്ങനെയാണ്, പരസ്പര

LIBRARY ARCHIVES Kerala Legislative Assembly

വിരുദ്ധമാണ്. ഒന്നുകിൽ തൊഴിലാളിയാകണം അല്ലെങ്കിൽ സർക്കാർ ഉദ്യോഗസ്ഥനാകണം. രണ്ടിൽ ഏതെങ്കിലും ഒന്ന് വേണം. അതുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്ത് വേണമെന്ന് യൂണിയന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്നത് നന്നായിരിക്കും; ഭാവിയെ സംബന്ധിച്ചിടത്തോളവും.

ശ്രീ. ഇ. എം. അഗസ്തി : സർ, കെ.എസ്.ആർ.ടി.സി. ഇപ്പോൾ നഷ്ടത്തിലാണെന്നും നഷ്ടം കുറയ്ക്കാൻ നടപടി സ്വീകരിച്ചുവരികയാണെന്നും ബഹുമാനപ്പെട്ട മന്ത്രി അറിയിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം എത്രയായിരുന്നു; ഈ ഗവൺമെന്റ് വന്നതിനുശേഷം നഷ്ടം എന്തുമാത്രം കുറച്ചിട്ടുണ്ട്; അതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; ആ നടപടിയോട് കെ.എസ്.ആർ.ടി.സി.-യിലെ യൂണിയന്റെയും അതുപോലെ മാനേജ്മെന്റിന്റെയും സമീപനം എന്താണ് എന്ന് വ്യക്തമാക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, 2000-2001-ലെ ഇതിന്റെ നഷ്ടമാണ് ഞാൻ നേരത്തേ പറഞ്ഞത്. 2000-2001-ലുള്ള നഷ്ടം നമുക്ക് പരിഹരിക്കാമായിരുന്നു. സ്പെയർപാർട്സിന്റെ വിലവർദ്ധനവും ജീവനക്കാരുമായുള്ള എഗ്രിമെന്റിൽ പ്രതീക്ഷിച്ചതിനെക്കാൾ വലിയ തുക കൊടുക്കേണ്ടി വന്നതും, മിനിഞ്ഞാന്ന് ഞാൻ പറഞ്ഞു 200 കോടി എന്ന്. 40 കോടി രൂപ ഗവൺമെൻറിൽ നിന്ന് കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് ആനുകൂല്യം കൊടുക്കാൻവേണ്ടി അനുവദിച്ചു. ജി.ഒ. ഉണ്ട്. അതിപ്പോൾ ഓഡിറ്റ് ഒബ്ജക്ഷനിൽ കിടക്കുകയാണ്. എന്നാൽ കൊടുത്തത് 242 കോടി രൂപയാണ്. 40 കോടി രൂപയ്ക്ക് പകരം 242 കോടി രൂപ ജീവനക്കാർക്ക് കൊടുത്തിട്ടുണ്ട്. അതിന്റെ ബാധ്യതയുണ്ട്. കൂടാതെ ഇനി റിക്കറിംഗായിട്ട് ഇതിന്റെ ഫലമായി ഉണ്ടാകാൻ പോകുന്ന പെൻഷൻ ഗ്രാറ്റുവിറ്റി ബാധ്യതകൾ വേറെ വരും. ആയിരക്കണക്കിന് കോടിരൂപ വരും. പത്തോ ഇരുപതോ വർഷങ്ങളിലേക്ക് വരുമ്പോൾ, അതല്ല ഇവിടുത്തെ പ്രശ്നം. ഇവിടുത്തെ പ്രധാന പ്രശ്നം എന്നു പറയുന്നത് ഡീസലിന്റെ വിലവർദ്ധനവ് വളരെ കാര്യമായി ബാധിച്ചിരിക്കുകയാണ്. ഒരു പക്ഷേ കെ.എസ്.ആർ.ടി.സി. തൻവർഷം ലാഭമാകുമായിരുന്നു ഡീസൽ വിലവർദ്ധനവ് വന്നില്ലായിരുന്നെങ്കിൽ. സ്പെയർ പാർട്സ് വിലവർദ്ധനവ്, ടയറിന്റെ വിലവർദ്ധനവ് ഇതെല്ലാം വന്നിരിക്കുകയാണ്. എങ്കിലും ചെലവ് വളരെ കുറച്ചിട്ടുണ്ട്. ഏതൊക്കെയെന്ന് ഇപ്പോൾ പറയാൻ ബുദ്ധിമുട്ടുണ്ട്. ഒരുപാട് കടങ്ങൾ ഉണ്ടായിരുന്നു. ആ കടങ്ങൾ മുഴുവൻ നമ്മൾ തീർത്ത് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. എം. അഗസ്തി : സർ, ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ, റെയിൽവേയുടെ ചാർജ് കെ.എസ്.ആർ.ടി.സി.-യുടെ ചാർജിനെക്കാൾ, പല സ്ഥലത്തും ഇപ്പോൾ കുറവാണ്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം പ്രധാനമായും നാഷണൽ ഹൈവേയും എം.സി. റോഡും കേന്ദ്രീകരിച്ചാണ്. പ്രധാന ഡിപ്പോകൾ എല്ലാം എം.സി.റോഡിലും എൻ.എച്ചിലുമാണ്. റെയിൽവേയുടെ സൗകര്യം ലഭ്യമല്ലാത്ത മലയോര പ്രദേശങ്ങളിൽ കെ.എസ്.ആർ.ടി.സി.-യുടെ സൗകര്യവും സേവനവും ലഭ്യമാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഭാവിയിൽ റെയിൽവേ വികസനം കൂടുതൽ ഉണ്ടാകുന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് വലിയ വെല്ലുവിളി നേരിടേണ്ടിവരും എന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ സാഹചര്യത്തിൽ റെയിൽവേ സൗകര്യമില്ലാത്ത മലയോര പ്രദേശങ്ങൾക്കുകൂടി പ്രയോജനപ്പെടത്തക്ക നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കേന്ദ്രീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? അതേപ്പറ്റി കെ.എസ്.ആർ.ടി.സി. ആലോചിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, മലയോര പ്രദേശങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യമാണ് അദ്ദേഹം പറഞ്ഞു വരുന്നത്. സുപ്രീംകോടതിയുടെ വിധി വന്നുകഴിഞ്ഞാൽ കോട്ടയം - കുമിളി റോഡ് നാഷണലൈസേഷനിലേക്ക് വരികയാണ്. കുമിളിയിൽ പുതിയ ബസ് സ്റ്റേഷൻ . ആരംഭിക്കുകയാണ്. കഴിയുന്നിടത്തോളം മലയോര പ്രദേശങ്ങളിലേക്ക് പ്രയോജനപ്പെടുന്ന സർവ്വീസുകൾ എത്ര വേണമെങ്കിലും കൊടുക്കാൻ കെ.എസ്.ആർ. ടി.സി. തയ്യാറാണ്. ഇപ്പോൾ വണ്ടികൾക്കൊന്നും കുഴപ്പമില്ല. നഷ്ടമുള്ള ബസ് സർവ്വീസുകൾ നിർത്തലാക്കാതെ നിവൃത്തിയില്ല. സ്വകാര്യബസ്സുകളുമായി മൽസരിക്കാൻ നമുക്ക് കഴിയുന്നില്ല, എങ്കിലും കഴിയുന്നിടത്തോളം ബസ് സർവ്വീസുകൾ നടത്തുന്നുണ്ട്. സുപ്രീംകോടതിയുടെ വിധി പ്രതീക്ഷിച്ചിരിക്കുകയാണ്. സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും കേസ്സുകളിൽ വിധി വരുന്നതോടുകൂടി ഇടുക്കി ജില്ലയിൽ കൂടുതൽ ബസ്സുകൾ ഓടിക്കാൻ കഴിയും എന്ന സാഹചര്യം ഉണ്ടാകും എന്ന് കരുതുന്നു. അതിനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജോർജ് ജെ. മാത്യു : സർ, പല ഡിപ്പോകളും നഷ്ടമാണെന്ന് കാണിച്ച്, പ്രത്യേകിച്ച് എന്റെ നിയോജകമണ്ഡലത്തിലുള്ള എരുമേലി ഡിപ്പോയിൽ നിന്ന്, ഷെഡ്യൂളുകൾ വളരെ കുറയ്ക്കുകയുണ്ടായി. ശബരിമല സീസണിൽ മാത്രം അല്പം കൂടുകയുണ്ടായി. എന്നാൽ ഏതെല്ലാം കാര്യങ്ങൾ ചെയ്താൽ പഴയ രീതിയിൽ ആ ഡിപ്പോ നിലനിർത്തും എന്ന് അറിയിക്കാൻ തയ്യാറാകുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, എരുമേലി ഡിപ്പോയ്ക്ക് സ്വന്തമായി ഒരു മുറിയോ സ്ഥലമോയില്ല. തരാമെന്നു പറഞ്ഞിട്ട് വർഷങ്ങൾ കുറെയായി. ബ്ലോക്കും പഞ്ചായത്തും 5 ഏക്കർ സ്ഥലം തരാമെന്നു പറഞ്ഞിട്ട് കാലം ഏറെയായി. അവിടെ കയറിയിരിക്കാൻ പോലും സ്ഥലമില്ല. ബസ് ഇടാൻ സ്ഥലമില്ല. ദേവസ്വം ബോർഡിൽ നിന്ന് എരുമേലി ഡിപ്പോയ്ക്ക് വേണ്ടി പഞ്ചായത്തിന് കൊടുത്ത സ്ഥലം പോലും വിട്ടുതന്നില്ല, എന്നുമാത്രമല്ല സ്റ്റേഷൻ മാസ്റ്ററുടെ മുറി പഞ്ചായത്തുകാർ പൂട്ടിക്കൊണ്ടുപോയി. അവിടെ എങ്ങനെയാണ് ബസ് സ്റ്റേഷൻ തുടങ്ങുന്നത്. സ്റ്റേഷൻമാസ്റ്റർ ഇരുന്നു ജോലി ചെയ്തിരുന്ന മുറി പഞ്ചായത്തുകാർ പൂട്ടിക്കൊണ്ടുപോയി. ദേവസ്വം ബോർഡിന്റെ സ്ഥലമാണ്. സ്ഥലം തരാമെന്നു പറഞ്ഞ് എഴുതിത്തന്നു. എനിക്ക് പറയാനുള്ളത് എരുമേലി ഡിപ്പോ നമുക്ക് നന്നായി നടത്തണം. അതിന് ആവശ്യമായ സ്ഥലവും സൗകര്യങ്ങളും നിങ്ങൾ ഉണ്ടാക്കി തന്നാൽ എരുമേലി ഡിപ്പോ ഫുൾ ഫ്ളഡ്ജ്ഡായിട്ട് നമുക്ക് നടത്താം. പ്രത്യേകിച്ച് കുമിളി സ്കീമിന്റെ ഭാഗമായിട്ട് വരും. നമുക്ക് ഭംഗിയായി നടത്താം. അങ്ങ് നേതൃത്വം എടുത്ത് അതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിത്തരണം. തുടങ്ങിയിട്ട് വളരെ കാലമായി. തരാം, തരാം എന്ന് പറയുന്നതല്ലാതെ ഒരു ഇഞ്ച് സ്ഥലം പോലും കെ.എസ്.ആർ.ടി.സി.-ക്ക് അവിടെയില്ല.

ശ്രീ. ജോർജ് ജെ. മാത്യു : സർ, ഏതായാലും സ്ഥലം തരികയാണെങ്കിൽ ഡിപ്പോ നൽകാമെന്ന് പറഞ്ഞതിനോട് നന്ദി. അങ്ങയുടെ കാലത്ത് തന്നെ അനുവദിച്ചു തന്നിരുന്ന എം.എൽ.എ. ബസ്സുകളിൽ പല സർവ്വീസുകളും നിർത്തലാക്കി. എനിക്ക് അങ്ങയുടെ കാലത്ത് തന്നിരുന്ന എം.എൽ.എ. ബസ് സർവ്വീസ്.....

മി. സ്പീക്കർ : അങ്ങയുടെ കാലത്ത്, അങ്ങയുടെ കാലത്ത് എന്ന് പറയാൻ പാടില്ല. You are addressing me . ഞാൻ അങ്ങനെ ചെയ്തിട്ടില്ല.

ശ്രീ. ജോർജ് ജെ. മാത്യു : സോറി സർ, ബാലകൃഷ്ണപിള്ളയുടെ കാലത്ത്.....

മി. സ്പീക്കർ : അല്ലെങ്കിൽ മന്ത്രിയുടെ കാലത്ത് എന്ന് പറഞ്ഞാലും മതി.

ശ്രീ. ജോർജ് ജെ. മാത്യു : ആ സർവ്വീസ് പ്രത്യേകിച്ച് ഇളംകോട്-തിരുവനന്തപുരം ഞങ്ങൾക്കൊക്കെയുണ്ടായിരുന്ന ഒരു ബസ്സാണ്. ആ ബസ് റൂറൽ ഏരിയായിൽ നിന്ന് തിരുവനന്തപുരത്തേക്ക് വരുന്നതാണ്. അത് പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, അത് എനിക്കറിയില്ല. പരിശോധിച്ചതിനുശേഷമേ പറയാൻ കഴിയൂ.

ശ്രീ. വർക്കല കഹാർ :സർ, എത്ര അന്തർ സംസ്ഥാന സർവ്വീസുകളാണ് ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്നത്? കൂടുതൽ തീർത്ഥാടന കേന്ദ്രങ്ങളിലേക്കും അതുപോലെതന്നെ വിനോദസഞ്ചാര പ്രദേശങ്ങളിലേക്കും കേരളത്തിന് പുറത്ത് ഇത് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, അന്തർ സംസ്ഥാന സർവ്വീസുകളെപ്പറ്റി പ്രത്യേകം ചോദിച്ചാലേ പറയാൻ കഴിയൂ. കാരണം നൂറുക്കണക്കിന് വണ്ടികൾ ഓടുന്നുണ്ട്. അതുകൊണ്ട് പെട്ടെന്ന് പറയാൻ കഴിയില്ല.

ശ്രീ. വർക്കല കഹാർ : സർ, എല്ലാ സൗകര്യങ്ങളുമുള്ള ബസ് ബോഡി നിർമ്മാണ യൂണിറ്റ് കെ.എസ്.ആർ.ടി.സി.-ക്കുള്ളപ്പൾ പുറമേ നിന്ന് റെഡിമെയ്ഡ് കിറ്റ് വാങ്ങി ബസ് ബോഡി നിർമ്മാണം നടത്തുന്നത്; കേരളത്തിന്റെ കാലാവസ്ഥയ്ക്ക് യോജിക്കാത്തതാണ് ഈ കിറ്റ്. അതുകാരണം പെട്ടെന്ന് തന്നെ കേടുപാടുകൾ സംഭവിക്കുന്നതായും അതുപോലെതന്നെ സാമ്പത്തികനഷ്ടം ഉണ്ടാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, നമ്മുടെ ബോഡി ബിൽഡിംഗിലുള്ള മുഴുവൻ ഫെസിലിറ്റീസും മുഴുവൻ കപ്പാസിറ്റിയും നമ്മൾ ഉപയോഗിക്കുന്നുണ്ട്. പക്ഷേ അതുകൊണ്ട് തികയില്ല. ഒരു വർഷം 150 ബസ്സോ 200 ബസ്സോ ഇറങ്ങിയതുകൊണ്ട് നമുക്ക് പോര. പിന്നെ അങ്ങ് ചോദിച്ച രണ്ടാമത്തെ ചോദ്യം നമ്മുടെ വർക്ക് ഷോപ്പിൽ ഉണ്ടാക്കുന്ന ബസ് ബോഡിയെക്കാൾ 1,60,000 രൂപ കുറച്ചുമതി നമുക്ക് പുറത്തുനിന്ന് ബസ് ബോഡി കിട്ടാൻ. അങ്ങനെ ആയിരം ബോഡിയാകുമ്പോൾ എത്രകോടി രൂപയായി എന്ന് ആലോചിക്കണം, 16 കോടി രൂപയായി. മാത്രമല്ല ജനങ്ങൾക്ക് നല്ല ബസ് ആവശ്യമുണ്ട്. ഹൈടെക്ക് ബസ്സുണ്ടാക്കാനുള്ള ഫെസിലിറ്റീസും എക്സ്പെർട്ടൈസും നമുക്കില്ല. ആയിരം ബസ് ഇറങ്ങണം, 150 ബസ്സേ നമുക്ക് ഉണ്ടാക്കാൻ പറ്റൂ. എന്നാൽ പുറത്ത് ചെയ്യിക്കാനും പറ്റില്ല എന്നുപറഞ്ഞാൽ എങ്ങനെയാണ്? ഒന്ന് ലാഭം, രണ്ട് ഫിനിഷിംഗ്. നല്ല സീറ്റ്. അതുപോലെതന്നെ ആളുകൾക്ക് ഇഷ്ടപ്പെട്ട ബോഡി. നമ്മുടെ കപ്പാസിറ്റിയുടെ കുറവ്. ഇതിന്റെ അടിസ്ഥാനത്തിൽ പുറത്ത് ചെയ്യിച്ചാലെ കഴിയൂ. പുറത്ത് ചെയ്യിച്ചില്ലെങ്കിൽ ബോഡി ഇറക്കാൻ ഒക്കുകയില്ല. ഏതായാലും നമ്മുടെ ബോഡിയുടെ ലാഭവും, അങ്ങ് കാണുന്നതാണ്. നമ്മുടെ ബോഡിയേക്കാൾ ലാഭവും മനോഹരവുമാണ് പുറമെനിന്ന് ചെയ്യിക്കുന്ന ബോഡി. അത് നല്ലതാണെന്ന് പറയാതെ അതിനെ ദോഷൈകദൃക്കിന്റെ ദൃഷ്ടിയിലൂടെ കാണുന്നത് ശരിയല്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly